**കേരള കാർഷിക സർവകലാശാല**

**വിജ്ഞാപനം**

നം. KAUEDU/1735/2025-EDU B3 തീയതി. വെള്ളാനിക്കര, 18-08-2026

## കാർഷിക മേഖലയിൽ കഴിവ് തെളിയിച്ച് സംസ്ഥാന തലത്തിൽ കർഷക അവാർഡ് നേടിയ വിദ്യാർഥികൾക്ക് കാർഷിക സർവകലാശാലയിലെ പ്രവേശനം

കാർഷിക മേഖലയിൽ താൽപര്യമുള്ള വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർഥികളെയും യുവാക്കളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനുമായി സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ ഭാഗമായി, കേരള കാർഷിക സർവകലാശാലയുടെ കീഴിൽ നടത്തുന്ന **B.Sc. (Hons.) Agriculture** ബിരുദ കോഴ്സിൽ കാർഷിക മേഖലയിൽ പ്രാവീണ്യം തെളിയിച്ച് സംസ്ഥാനതലത്തിൽ കാർഷിക അവാർഡ് കരസ്ഥമാക്കിയ രണ്ടു വിദ്യാർഥികൾക്ക് 2026-27 അധ്യയന വർഷത്തിൽ പ്രത്യേക പ്രവേശനം നൽകുന്നതാണ്.

പ്രവേശനം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കും.

1. അപേക്ഷാർഥി സംസ്ഥാന സർക്കാരിന്റെ സംസ്ഥാനതല കാർഷിക അവാർഡ് ജേതാവും കാർഷിക മേഖലയിൽ പ്രാവീണ്യം തെളിയിച്ച വ്യക്തിയും ആയിരിക്കണം.
2. B.Sc. (Hons.) Agriculture കോഴ്സിലേക്കുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയായ **+2 / Higher Secondary** / തത്തുല്യ പരീക്ഷ വിജയിച്ചിരിക്കണം. കൂടാതെ **Physics, Chemistry, Biology (PCB)** വിഷയങ്ങൾക്ക് കൂടി ചേർന്ന് കുറഞ്ഞത് **50%** മാർക്ക് നേടിയിരിക്കണം.
3. കേരള എൻട്രൻസ് പരീക്ഷാ കമ്മീഷണർ 2026-27 അധ്യയന വർഷത്തെ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷാർഥി ആയിരിക്കണം.
4. അപേക്ഷാർഥി കേരളത്തിൽ ജനിച്ച് വളർന്ന വ്യക്തി ആയിരിക്കണം.

### അപേക്ഷ സമർപ്പിക്കേണ്ട വിധം

മേൽപ്പറഞ്ഞ യോഗ്യതകൾ ഉള്ള അപേക്ഷാർഥികൾ ഇതോടൊപ്പം നൽകിയിട്ടുള്ള അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് താഴെപ്പറയുന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്:

രജിസ്ട്രാർ
കേരള കാർഷിക സർവകലാശാല
KAU (P.O.), വെള്ളാനിക്കര
തൃശ്ശൂർ - 680 656.

## അപേക്ഷാഫീസ്

അപേക്ഷാഫീസായി ₹500/- (അഞ്ഞൂറ് രൂപ മാത്രം) കേരള കാർഷിക സർവകലാശാല കംട്രോളറുടെ പേരിൽ, **State Bank of India, KAU Branch,** വെള്ളാനിക്കര എന്ന ശാഖയിൽ മാറിയെടുക്കാവുന്ന **Demand Draft** ആയി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

താഴെപ്പറയുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ടതാണ്:

- ജനന തീയതി തെളിയിക്കുന്ന രേഖ
- വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ/മാർക്ക് ലിസ്റ്റുകൾ
- **Physics, Chemistry, Biology** വിഷയങ്ങളിലെ മാർക്ക് തെളിയിക്കുന്ന രേഖ
- കേരള എൻട്രൻസ് പരീക്ഷാ റാങ്ക് തെളിയിക്കുന്ന രേഖ
- കേരളത്തിലെ നേറ്റിവിറ്റി തെളിയിക്കുന്ന രേഖ
- സംസ്ഥാനതല കാർഷിക അവാർഡ് ലഭിച്ചതായി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്/രേഖ
- മറ്റ് പ്രസക്തമായ രേഖകൾ, ബാധകമെങ്കിൽ

അപൂർണ്ണമായതോ തെറ്റായ വിവരങ്ങൾ ഉൾപ്പെട്ടതോ ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കാത്തതോ ആയ അപേക്ഷകൾ യാതൊരു അറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

## അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി

**09.09.2026** വൈകുന്നേരം **5.00** മണിക്ക് മുമ്പായി അപേക്ഷ മേൽവിലാസത്തിൽ ലഭിച്ചിരിക്കണം.

അവസാന തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**JOINT REGISTRAR**
രജിസ്ട്രാർക്ക് വേണ്ടി